"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - തൃശ്ശൂർ ജില്ലയിലെ വാടാനപ്പള്ളി കെ.എൻ.എം വി.എച്ച്.എസ് ലെ ജൂനിയർ ഹിന്ദി അധ്യാപകനായ ശ്രീ.പ്രിൻസ് റ്റി.പി ഫയൽ ചെയ്ത റിട്ട് ഹർജി നം. 28669/2025 മേലുള്ള ബഹു. ഹൈക്കോടതിയുടെ വിധിന്യായം പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.9926/2025/GEDN തീയതി,തിരുവനന്തപുരം, 27-11-2025

---

പരാമർശം:-

1. വാടാനപ്പള്ളി കെ.എൻ.എം വി.എച്ച്.എസ്-ലെ ജൂനിയർ ഹിന്ദി അധ്യാപകനായ ശ്രീ. പ്രിൻസ് റ്റി.പി ഫയൽ ചെയ്ത റിട്ട് ഹർജി നം.28669/2025 മേലുള്ള ബഹു. ഹൈക്കോടതിയുടെ 04/08/2025 തീയതിയിലെ വിധിന്യായം.
2. ചാവക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 10/10/2025-ലെ DEOCKD/3546/2025-B2 നമ്പർ കത്ത്.
3. തൃശ്ശൂർ വിദ്യാഭ്യാസ ഉപഡയറക്ടറുടെ 19/10/2025-ലെ DDETSR/6641/2025-B4 നമ്പർ കത്ത്.
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 22/10/2025 ലെ ഇസി5/18579/2025/ഡിജിഇ നമ്പർ കത്ത്.

**ഉത്തരവ്**

വാടാനപ്പള്ളി കെ എൻ എം വി എച്ച് എസ് ലെ ജൂനിയർ ഹിന്ദി അധ്യാപകനായ ശ്രീ പ്രിൻസ് റ്റി പി ഫയൽ ചെയ്ത റിട്ട് ഹർജി നം. 28669/2025 മേലുള്ള പരാമർശം (1) വിധിന്യായത്തിൽ ബഹു. ഹൈക്കോടതി ഒന്നാം എതിർകക്ഷിയായ സർക്കാരിനോട് വിധിന്യായത്തിന്റെ പകർപ്പ് ലഭിച്ച് നാല് മാസത്തിനകം ഹർജിക്കാരനെയും അഞ്ചാം എതിർകക്ഷിയെയും നേരിൽ കേട്ട്, Ext. P12 ന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച് Ext. P13 റിവിഷൻ ഹർജിയിന്മേൽ ഉത്തരവ് പുറപ്പെടുവിക്കുവാൻ നിർദ്ദേശിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരന്റെയും, അഞ്ചാം എതിർകക്ഷിയുടെയും പ്രതിനിധിയെയും ബന്ധപ്പെട്ട മറ്റ് കക്ഷികളെയും 23.10.2025-ന് ഗൂഗിൾ മീറ്റ് മുഖേന കേൾക്കുകയുണ്ടായി.

2) <u>നേരിൽ കേട്ട വേളയിൽ ഹർജിക്കാരൻ ചുവടെ ചേർക്കും പ്രകാരം വാദിച്ചു</u>

ശ്രീമതി. ശ്വേതാ കെ.എസ്. നെ ജൂനിയർ ഹിന്ദി അധ്യാപികയായി 06/06/2019 മുതൽ നിയമിക്കുകയും പ്രസ്തുത നിയമനം B2/119157/2021 തീയതി 13.06.2022 ഉത്തരവ് പ്രകാരം

ചാവക്കാട് ഡി.ഇ.ഒ അനുവദിച്ചിട്ടുള്ളതാണ്. എന്നാൽ കൊറോണയുടെ അതിരൂക്ഷമായ വ്യാപനത്തിന്റെ ഫലമായി സംസ്ഥാനത്തെ സ്കൂളുകൾ അടച്ചിട്ടിരിക്കുന്നതിന്റെ പശ്ചാത്തലത്തിൽ നവംബർ 1 നാണ് സ്കൂളുകൾ പിന്നീട് തുറന്നത്. എന്നാൽ 15.07.2021 ന് നിയമന പ്രൊപ്പോസൽ അയക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 15.07.2021 ശ്രീമതി. ശ്വേത കെ എസ് നെ 43 അവകാശി എന്ന നിലയിൽ സ്ഥാനക്കയറ്റം നൽകി എച്ച്.എസ്.ടി ഹിന്ദി തസ്തികയിൽ നിയമിക്കുകയുണ്ടായി. നിയമന സമയത്ത് K.TET കാറ്റഗറി 3 യോഗ്യത നേടിയിട്ടില്ല എന്നതിനാൽ അവരുടെ നിയമനം അംഗീകരിച്ചിട്ടില്ല. എന്നാൽ 2016-17 മുതൽ 2019-20 വരെയുള്ള കാലയളവിൽ K.TET യോഗ്യതയുടെ അഭാവത്തിലും നിയമനം അംഗീകരിക്കാം എന്നും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ, ശ്രീമതി. ശ്വേതാ കെ. എസ് സമർപ്പിച്ച റിട്ട് ഹർജി ഹൈക്കോടതിയുടെ പരിഗണനയിലാണ്. ശ്രീമതി. ശ്വേതാ കെ എസ് Roll Number: 318643, K.TET Category III പാസാവുകയും സർട്ടിഫിക്കറ്റ് ലഭിക്കുകയും ചെയ്തിട്ടുണ്ട്. മാത്രമല്ല സർക്കാർ ഉത്തരവ് (കൈ) നം. 133/2024GEDN തീയതി 05.11.2024 പ്രകാരം K.TET യോഗ്യത നേടുന്നതിനുള്ള സമയപരിധി 2025 മെയ് മാസത്തിൽ നടത്തുന്ന പരീക്ഷ വരെ ദീർഘിപ്പിച്ച് നൽകുകയും അങ്ങനെ പാസാകുന്നവർക്ക് KER. അദ്ധ്യായം XIV A ചട്ടം 3 ൽ അനുശാസിക്കുന്ന വിധം നിയമന തീയതിയായ 15.07.2021 മുതൽ നിയമനം അംഗീകാരത്തിന് അർഹതയുള്ളതാണ് എന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നെ 23.08.2024 മുതൽ ജൂനിയർ ഹിന്ദി തസ്തികയിൽ നിയമിക്കുക ഉണ്ടായി. ശ്രീമതി. ശ്വേതാ കെ.എസ് മതിയായ യോഗ്യത നേടിയിട്ടും നിയമന അംഗീകാരം ലഭിക്കാത്ത സാഹചര്യത്തിൽ 23/08/24 മുതലുള്ള എന്റെ നിയമനം അംഗീകരിക്കപ്പെട്ടിട്ടില്ല. നിയമനം ലഭിക്കാത്തതുമൂലം എന്റെ ജീവിതത്തിലെ സാമ്പത്തികവും മാനസികവുമായ നിസ്സഹായവസ്ഥ അങ്ങയുടെ സത്വര ശ്രദ്ധയിൽ പെടുത്തുകയും, അനുഭാവപൂർണ്ണമായ നടപടി ഉണ്ടാകണമെന്ന് സവിനയം അപേക്ഷിക്കുന്നു.

3) <u>നേരിൽ കേട്ട വേളയിൽ മാനേജർ, പ്രധാന അധ്യാപിക, ശ്രീമതി. ശ്വേതാ കെ.എസ് എന്നിവർ ചുവടെ ചേർക്കും പ്രകാരം വാദിച്ചു.</u>

I) (i) ശ്രീമതി. ശ്വേതാ കെ എസ് ജൂനിയർ ഹിന്ദി തസ്തികയിൽ നിന്നും H.S.T ഹിന്ദി സ്ഥാനക്കയറ്റം ലഭിച്ച ഒഴിവിലേക്ക് ആണ് ശ്രീ. പ്രിൻസ് ടി. പി യെ 23/08/2024 മുതൽ നിയമിച്ചത്. ശ്രീമതി. ശ്വേതാ കെ എസ് ന്റെ എച്ച്.എസ്.ടി നിയമനം അംഗീകരിക്കാത്തതിനാൽ ഒഴിവ് വ്യവസ്ഥാപിതമല്ല.

മറുപടി:

ശ്രീമതി. ശ്വേതാ. കെ. എസ് നവംബർ 2024 ന് നടന്ന കെ ടെറ്റ് പരീക്ഷയിൽ 25/4/2025 പ്രഖ്യാപിച്ച റിസൾട്ട്, സർട്ടിഫിക്കറ്റ് നമ്പർ. കെ ടെറ്റ് കാറ്റഗറി III - 270083 പ്രകാരം വിജയിച്ചിട്ടുണ്ട്.

(ii) ഭിന്നശേഷി സംവരണം പാലിക്കാനായി കാറ്റഗറി ഒന്ന് പ്രൈമറി വിഭാഗത്തിൽ തസ്തിക മാറ്റി വെച്ചിട്ടില്ല

മറുപടി :

(a) ഭിന്നശേഷി സംവരണത്തിനായി രണ്ടു തസ്തിക മാറ്റിവെച്ചിട്ടുള്ളതും ചാവക്കാട് ജില്ല വിദ്യാഭ്യാസ ഓഫീസർ വെരിഫിക്കേഷൻ നടത്തിയിട്ടുള്ളതുമാണ്.

* U.P വിഭാഗത്തിൽ Needle Work Teacher(കാറ്റഗറി 1)

*H.S വിഭാഗത്തിൽ H.S.T. Urdu എന്നീ തസ്തികകളാണ് മാറ്റി വെച്ചിട്ടുള്ളത്. രണ്ടു തസ്തികകൾക്കും എറണാകുളം സ്പെഷ്യൽ എംപ്ലോയ്മെന്റ് ഓഫീസിൽ നിന്നും Non Availability Certificate ലഭിച്ചിട്ടുണ്ട്.

(b) രണ്ടു തസ്തികകൾ വിട്ടുകൊടുത്തതിൽ ആശയക്കുഴപ്പം ഉണ്ടാകാൻ ഇടയായത്. സ്യൂവിങ് ടീച്ചറുടെ തസ്തിക UP, HS എന്നീ രണ്ട് വിഭാഗങ്ങളിലായിട്ടുള്ളതും, അവർക്ക് UP ശമ്പള സ്കെയിൽ ആയ Rs.35600-75400 എന്ന ശമ്പള സ്കെയിലും ആണ്.

(c) Sewing ടീച്ചറുടെ തസ്തിക കാറ്റഗറി ഒന്നായി പരിഗണിച്ച് നിയമാനുസൃതം പത്രപരസ്യം നൽകി ഇംഗ്ലീഷ്, മാതൃഭൂമി, ദേശാഭിമാനി അപേക്ഷ ക്ഷണിച്ച ഇന്റർവ്യൂ നടത്തി 02/06/2025 ന നിയമനം നടത്തി. നിയമന പ്രപ്പോസൽ ചാവക്കാട് DEO വിന് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളതുമാണ്. ആയതിനാൽ ഭിന്നശേഷി സംവരണ നിയമനത്തിനായി രണ്ടു തസ്തിക വിട്ടു നൽകിയത് അപാകത നിലനിൽക്കുന്നതല്ല എന്ന് വ്യക്തമാകുന്നതാണ്.

(iii) ശ്രീ. പ്രിൻസ് ടി.പി യുടെ രാഷ്ട്രഭാഷ പ്രവീൺ, രാഷ്ട്രഭാഷ വിശാരദ് എന്നിവയുടെ ജനുവിനസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല.

മറുപടി :

ജനുവിനസ് സർട്ടിഫിക്കറ്റ് ഇപ്പോൾ ലഭിച്ചിട്ടുണ്ട്.

(iv) ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള 37988/2024 നമ്പർ റിട്ട് ഹർജിയിൽ തീരുമാനമായിട്ടില്ല.

മറുപടി:

കൊറോണയുടെ അതിരൂക്ഷമായ വ്യാപനത്തെ തുടർന്ന് 2016-17 മുതൽ 2019-20 വരെ നിയമിതരായ അധ്യാപകർക്ക് കെ ടെറ്റിന്റെ അഭാവത്തിലും നിയമന അംഗീകാരം നൽകാമെന്ന് സർക്കാർ ഉത്തരവ് നിലവിലുള്ളതും, അതിന്റെ അടിസ്ഥാനത്തിൽ പല അധ്യാപകർക്കും നിയമന അംഗീകാരം നൽകിയിട്ടുള്ളതുമാണ്. ഈ വിദ്യാലയത്തിൽ തന്നെ ശ്രീമതി. അഞ്ജലി നന്ദകുമാർ എന്ന അധ്യാപികയ്ക്ക് നിയമന അംഗീകാരം ലഭിച്ചിട്ടുണ്ട്. 6/6/2019 ൽ നിയമിതയായ ശ്രീമതി. ശ്വേതാ കെ. എസ് പ്രസ്തുത ആനുകൂല്യത്തിന് അർഹയാണ് അതിനുവേണ്ടിയാണ് റിട്ട് ഹർജി ഫയൽ ചെയ്തിരുന്നത്. കെ ടെറ്റ് യോഗ്യത കാറ്റഗറി- III പാസായതിന്റെ അടിസ്ഥാനത്തിൽ ഹൈക്കോടതിയിൽ പ്രത്യേക സബ്മിഷൻ എഴുതി കൊടുത്തിട്ടുള്ളതാണ്.

(v) അംഗപരിമിതരുടെ നിയമനത്തിനായി താഴെ പറയുന്ന രണ്ട് തസ്തികകളാണ് നീക്കിവെച്ചിരിക്കുന്നത്

1) എച്ച്. എസ്.ടി ഉറുദു (കാറ്റഗറി 2, ഹൈസ്കൂൾ വിഭാഗം)

2) Sewing ടീച്ചർ,(സ്പെഷ്യലിസ്റ്റ് തസ്തിക, കാറ്റഗറി 1-പ്രൈമറി)

എന്നാൽ സമന്വയയിൽ ഇത് കാറ്റഗറി 2 ൽ sewing തസ്തികയും urdu തസ്തികയും ഒന്നിച്ചാണ് കാണിച്ചിരിക്കുന്നത്. അതിന് ഡിപ്പാർട്ട്മെന്റ് തലത്തിൽ പറയുന്ന ന്യായീകരണം sewing ടീച്ചർ തസ്തിക ഹൈസ്കൂൾ വിഭാഗത്തിൽ ഉൾപ്പെടുന്നു എന്നതാണ്. എന്നാൽ സർക്കാർ തലത്തിൽ പുറപ്പെടുവിച്ച ഫോർമാറ്റ് 1 ഹൈസ്കൂൾ വിഭാഗത്തിൽ കാറ്റഗറി 2 ൽ സ്പെഷലിസ്റ്റ് തസ്തിക ഉൾപ്പെടുന്നില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത തസ്തിക ക്യാറ്റഗറി 1 ൽ തന്നെയാണ് ഉൾപ്പെടുന്നത് എന്ന് യാതൊരു സംശയത്തിനും ഇട നൽകാതെ വ്യക്തമാക്കിയിട്ടുണ്ട്.

II) ശ്രീമതി. ശ്വേതാ.കെ.എസ് 06/06/2019 മുതൽ ജൂനിയർ ഹിന്ദി അധ്യാപികയായും, തുടർന്ന് 15/07/2021 മുതൽ സ്ഥാനക്കയറ്റം നൽകി എച്ച്.എസ്.ടി ഹിന്ദി അധ്യാപികയായും നിയമിക്കുകയുണ്ടായി. സർക്കാർ പുറപ്പെടുവിച്ച 133/2024GEDN dated 05/11/2024 ഉത്തരവ് പ്രകാരം K-Tet പാസാകുന്നതിനുള്ള സമയപരിധി 2025 മെയ് മാസത്തിൽ നടത്തുന്ന പരീക്ഷ തീയതി വരെ ദീർഘിപ്പിച്ചിട്ടുണ്ട്. നവംബർ 2024 നടത്തിയ പരീക്ഷയിൽ K-Tet യോഗ്യത കാറ്റഗറി-3 നേടിയിട്ടുണ്ട്. പരീക്ഷാ ഫലം 25/04/2025 നാണ് പ്രസിദ്ധപ്പെടുത്തിയത്. പ്രസ്തുത തീയതിയിൽ യോഗ്യത നേടിയത് അനുസരിച്ച് നിയമന തീയതിയായ 15/07/2021 മുതൽ അവർക്ക് നിയമനത്തിന് അർഹതയുണ്ട്.

III) ബഹു. സുപ്രീംകോടതി 01/09/2025 പുറപ്പെടുവിച്ച വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ K-Tet യോഗ്യത നേടുന്നതിനുള്ള സമയപരിധി 2 വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകിയിട്ടുള്ളതാണ്. എന്നാൽ ഈ രണ്ടു പേരും ശ്രീമതി. ശ്വേതാ.കെ.എസ്, ശ്രീ. പ്രിൻസ്.ടി.പി എന്നിവർ K-Tet യോഗ്യത നേടിയിട്ടുള്ളതിനാൽ യാതൊരുവിധ തടസവാദങ്ങളും നിയമന അംഗീകാരത്തിന് നിലനിൽക്കുന്നതല്ല എന്ന് ബോധിപ്പിച്ചുകൊള്ളുന്നു.

4) <u>നേരിൽ കേട്ട വേളയിൽ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ ചുവടെ ചേർക്കും പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി</u>

വാടാനപ്പള്ളി കെ.എൻ.എം.വി.എച്ച്.എസിലെ ജൂനിയർ ഹിന്ദി ശ്രീമതി. ശ്വേത കെ.എസിനു 01/06/2020 മുതൽ എച്ച്.എസ്.ടി (ഹിന്ദി) തസ്തികയിൽ സ്ഥാനക്കയറ്റം നല്കിയ ഒഴിവിലാണ്

ശ്രീ.പ്രിൻസ്.ടി.പിയെ 23/08/2024 മുതൽ ജൂനിയർ ഹിന്ദി തസ്തികയിൽ മാനേജർ നിയമിച്ചിട്ടുള്ളത്. നിയമന പ്രൊപ്പോസലിനോടൊപ്പം ആവശ്യമായ രേഖകൾ ഹാജരാക്കാത്തതിനാലും ശ്രീമതി. ശ്വേത. കെ.എസിന്റെ ജൂനിയർ ഹിന്ദി, എച്ച്.എസ്.ടി ഹിന്ദി എന്നീ തസ്തികയിലെ നിയമനങ്ങൾ അംഗീകരിക്കാത്തതിനാലുമാണ് ചാവക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിയമനം നിരസിച്ചത്. ഇതിനെതിരെ മാനേജർ തൃശ്ശൂർ വിദ്യാഭ്യാസ ഉപഡയറക്ടർക്കു അപ്പീൽ സമർപ്പിച്ചതിൽ ശ്രീമതി. ശ്വേതയുടെ ജൂനിയർ ഹിന്ദി നിയമനം കെ-ടെറ്റ് ഇളവിന്റെ അടിസ്ഥാനത്തിൽ അംഗീകരിച്ചിട്ടുണ്ടെങ്കിലും ടിയാളുടെ എച്ച്.എസ്.ടി ഹിന്ദി തസ്തികയിലെ നിയമനം അംഗീകരിച്ചിട്ടില്ലാത്തതിനാൽ ഒഴിവ് വ്യവസ്ഥാപിതമല്ലായെന്നും കൂടാതെ ഭിന്നശേഷി സംവരണം പാലിക്കുന്നതുമായി ബന്ധപ്പെട്ട് കാറ്റഗറി ഒന്ന് പ്രൈമറി വിഭാഗത്തിൽ ഒരു തസ്തിക ബാക്ക് ലോഗ് നിയമനത്തിനായി മാറ്റിവെക്കാത്ത സാഹചര്യത്തിലും ടി നിയമനം നിരസിച്ചിരുന്നു. തുടർന്ന് മാനേജർ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ സമർപ്പിച്ച റിവിഷൻ അപ്പീലും ശ്രീമതി.ശ്വേത കെ.എസിന്റെ എച്ച്.എസ്.ടി ഹിന്ദി നിയമനം അംഗീകരിക്കാത്തതിനാൽ ഒഴിവ് വ്യവസ്ഥാപിതമല്ല എന്ന കാരണത്താൽ നിരസിച്ചിരുന്നു. ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് മാനേജർ തയ്യാറാക്കിയ റോസ്റ്റർ ഡാറ്റ പ്രകാരം കാറ്റഗറി I പ്രൈമറി വിഭാഗത്തിൽ 1 ഒഴിവും (സ്യൂയിങ് ടീച്ചർ (യു.പി) (ടി തസ്തിക അനുവദിച്ച് നൽകിയിട്ടില്ല)) കാറ്റഗറി II ഹൈസ്കൂൾ വിഭാഗത്തിൽ 2 ഒഴിവും (സ്യൂയിങ് ടീച്ചർ (ഹൈസ്കൂൾ), എച്ച്.എസ്.ടി ഉറുദു ) മാറ്റി വച്ചതായി നൽകിയിരിക്കുന്നത്. ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് 02/06/2025 ന് കെ.എൻ.എം.വി.എച്ച്.എസ് വാടാനപ്പള്ളിയിൽ നിയമിക്കപ്പെട്ട ശ്രീമതി.നിയകൃഷ്ണ പി.ജെയുടെ സമന്വയ നിയമന പ്രൊപ്പോസലിൽ തസ്തിക സ്യൂയിങ് ടീച്ചർ (എച്ച്.എസ്) എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ പ്രൊപ്പോസലിനൊപ്പം സമർപ്പിച്ച നിയമന ഉത്തരവ് ഉൾപ്പെടെയുള്ള രേഖകളിലെല്ലാം തസ്തിക സ്യൂയിങ് ടീച്ചർ എന്നു മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ശ്രീമതി. നിയകൃഷ്ണ പി ജെ യുടെ നിയമനം 2019-20 തസ്തിക നിർണ്ണയം പ്രകാരം അനുവദിച്ച അധിക തസ്തികയിലാണ് നിയമിച്ചിരിക്കുന്നത്. 2019-20 ലെയും തുടർന്നുള്ള വർഷങ്ങളിലെയും തസ്തിക നിർണ്ണയം പ്രകാരം കെ.എൻ.എം.വി.എച്ച് .എസ് വാടാനപ്പള്ളിയിൽ സ്യൂയിങ് ടീച്ചർ (യു.പി) തസ്തിക അനുവദിച്ചിട്ടില്ലെന്നും മാനേജർ തയ്യാറാക്കിയ റോസ്റ്റർ ജില്ലാ വിദ്യാഭ്യാസ ഓഫീസർ വെരിഫിക്കേഷൻ നടത്തിയിട്ടില്ല. മാനേജർ ഭിന്നശേഷി സംവരണം പ്രൈമറി വിഭാഗത്തിൽ കൃത്യമായി പാലിച്ചിട്ടില്ല എന്ന് കാണുന്നു. ശ്രീമതി.ശ്വേത കെ.എസിനെ മാനേജർ എച്ച്.എസ്.ടി ഹിന്ദി ആയി സ്ഥാനക്കയറ്റം നൽകി നിയമിച്ചിരിക്കുന്നത് 15/07/2021 മുതലാണ്. ടിയാൾ 19/01/2025 ന് കെ-ടെറ്റ് III യോഗ്യത നേടിയിട്ടുണ്ടെങ്കിലും നിയമനത്തീയതി മുതൽ നിയമനാംഗീകാരത്തിന് അർഹതയില്ല. ശ്രീമതി.ശ്വേത.കെ.എസിന്റെ എച്ച്.എസ്.ടി ഹിന്ദി തസ്തികയിലെ നിയമനം അംഗീകരിക്കുന്നതിനായി ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള 37988/2024 നമ്പർ റിട്ട് ഹർജിയിൽ നിലവിൽ ഉത്തരവായിട്ടില്ല. ബഹു.സുപ്രീംകോടതിയുടെ 11373/2024 നമ്പർ എസ്.എൽ.പി.സി യുടെ 04/03/2025 ലെ വിധിന്യായ പ്രകാരം എൻ.എസ്.എസ് മാനേജ്മെന്റിനാണ് ഉത്തരവ് ബാധകമാക്കിയിരിക്കുന്നത്. ഇതു സംബന്ധിച്ച നിലവിൽ സർക്കാർ ഉത്തരവുകളൊന്നും നിലവിലില്ലാത്തതിനാലും പ്രൊമോട്ടിയുടെ എച്ച്.എസ്.ടി ഹിന്ദി തസ്തികയിലെ നിയമനം അംഗീകരിക്കാത്തതിനാലും വാടാനപ്പള്ളി കെ.എൻ.എം.വി.എച്ച്.എസിലെ ശ്രീ.പ്രിൻസ് ടി.പിയുടെ 23/08/2024 മുതലുള്ള ജൂനിയർ ഹിന്ദി തസ്തികയിലെ നിയമനം പരിഗണനാർഹമല്ല .

5) നേരിൽ കേട്ട വേളയിൽ ഉന്നയിച്ച വാദഗതികളുടെയും ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകളുടെയും, നിലവിലുള്ള ചട്ടങ്ങൾ ഉത്തരവുകൾ എന്നിവയുടെയും അടിസ്ഥാനത്തിൽ സർക്കാർ വിഷയം പരിശോധിച്ചു. വാടാനപ്പള്ളി കെ.എൻ.എം.വി.എച്ച്.എസിലെ ജൂനിയർ ഹിന്ദി ശ്രീമതി. ശ്വേത കെ.എസിനു 01/06/2020 മുതൽ എച്ച്.എസ്.ടി (ഹിന്ദി) തസ്തികയിൽ സ്ഥാനക്കയറ്റം നല്കിയ ഒഴിവിലാണ് ശ്രീ. പ്രിൻസ്.ടി.പിയെ 23/08/2024 മുതൽ ജൂനിയർ ഹിന്ദി തസ്തികയിൽ മാനേജർ നിയമിച്ചത്. ശ്രീമതി.ശ്വേത കെ.എസിന്റെ എച്ച്.എസ്.ടി ഹിന്ദി നിയമനം അംഗീകരിക്കാത്തതിനാൽ ഒഴിവ് വ്യവസ്ഥാപിതമല്ല എന്ന കാരണത്താൽ ഹർജിക്കാരന്റെ നിയമനം വിദ്യാഭ്യാസ ഓഫീസർമാർ നിരസിച്ചു.മാനേജർ ഭിന്നശേഷി സംവരണം പ്രൈമറി വിഭാഗത്തിൽ കൃത്യമായി പാലിച്ചിട്ടില്ല എന്ന് വിദ്യാഭ്യാസ ഓഫീസർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട SLP(C) No. 11373/2024 - നായർ സർവീസ് സൊസൈറ്റി Vs സ്റ്റേറ്റ് ഓഫ് കേരള കേസിന്മേലുള്ള 04.03.2025 ലെ സുപ്രീം കോടതി വിധിന്യായം (ExtP 12) പ്രസ്തുത മാനേജ്മെന്റിന് മാത്രമാണ് ബാധകം. ആയത് മറ്റ് സമാന മാനേജ്മെന്റുകളിൽ ബാധകമാക്കാൻ പ്രസ്തുത ഉത്തരവിൽ ബഹു. കോടതി പരാമർശിച്ചിട്ടില്ല.

6) ശ്രീമതി. ശ്വേത കെ.എസിനെ മാനേജർ എച്ച്.എസ്.ടി ഹിന്ദി ആയി സ്ഥാനക്കയറ്റം നൽകി നിയമിച്ചിരിക്കുന്നത് 15/07/2021 മുതലാണ്. ടിയാൾ 25/04/2025 ന് കെ-ടെറ്റ് III യോഗ്യത നേടിയിട്ടുണ്ടെങ്കിലും നിയമനത്തീയതി മുതൽ നിയമനാംഗീകാരത്തിന് അർഹതയില്ല. ശ്രീമതി.ശ്വേത.കെ.എസിന്റെ എച്ച്.എസ്.ടി ഹിന്ദി തസ്തികയിലെ നിയമനം അംഗീകരിക്കുന്നതിനായി ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള 37988/2024 നമ്പർ റിട്ട് ഹർജിയിൽ നിലവിൽ ഉത്തരവായിട്ടില്ല. പ്രൊമോട്ടിയുടെ എച്ച്.എസ്.ടി ഹിന്ദി തസ്തികയിലെ നിയമനം അംഗീകരിക്കാത്തതിനാൽ ഹർജിക്കാരന്റെ 23/08/2024 മുതലുള്ള ജൂനിയർ ഹിന്ദി തസ്തികയിലെ നിയമനം പരിഗണനാർഹമല്ല. കൂടാതെ ഇതേ ആവശ്യവുമായി മാനേജർ സമർപ്പിച്ചിരുന്ന റിവിഷൻ ഹർജിയിൽ ഹിയറിംഗ് നടത്തി ഹർജിക്കാരന്റെ ആവശ്യം നിരസിച്ച് കൊണ്ട് 24.10.2025-ലെ സ.ഉ.(സാധാ) നം. 8903/2025/GEDN പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. ടി സാഹചര്യത്തിൽ Ext. P13 റിവിഷൻ ഹർജിയിലെ ആവശ്യം നിരസിച്ചു കൊണ്ടും അപ്രകാരം ബഹു. ഹൈക്കോടതിയുടെ പരാമർശം (1) വിധിന്യായം പാലിച്ചുകൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ASWATHY K
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം).
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപഡയറക്ടർ, തൃശ്ശൂർ.

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ചാവക്കാട്.

മാനേജർ, കെ.എൻ.എം.വി. ഹയർസെക്കന്ററി സ്കൂൾ, വാടാനപ്പള്ളി, ത്രിതല്ലൂർ, ചാവക്കാട്, തൃശ്ശൂർ - 680 619

ഹെഡ്മാസ്റ്റർ, കെ.എൻ.എം.വി. ഹയർസെക്കന്ററി സ്കൂൾ, വാടാനപ്പള്ളി, ത്രിതല്ലൂർ, ചാവക്കാട്, തൃശ്ശൂർ - 680 619

ശ്രീ. പ്രിൻസ് റ്റി.പി, ജൂനിയർ ഹിന്ദി അദ്ധ്യാപകൻ, കെ.എൻ.എം.വി. ഹയർസെക്കന്ററി സ്കൂൾ, വാടാനപ്പള്ളി, ത്രിതല്ലൂർ, ചാവക്കാട്, തൃശ്ശൂർ - 680 619

ശ്രീമതി. കെ.എസ്. ശ്വേത, എച്ച്.എസ്.ടി (ഹിന്ദി), കെ.എൻ.എം.വി. ഹയർസെക്കന്ററി സ്കൂൾ, വാടാനപ്പള്ളി, ത്രിതല്ലൂർ, ചാവക്കാട്, തൃശ്ശൂർ - 680 619

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Pradeep Kumar. C. O
Date: 27-11-2025 14:41:11
സെക്ഷൻ ഓഫീസർ